"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.REV-T2/13/2021-REV
റവന്യൂ(റ്റി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12/04/2021

## സർക്കുലർ

വിഷയം:- കുട്ടികൾ അവരുടെ പഠനാവശ്യങ്ങൾക്കോ മറ്റോ ഏതെങ്കിലും സർട്ടിഫിക്കറ്റിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നത് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- ബഹു.കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുമ്പാകെ പ്ലസ് 1 വിദ്യാർത്ഥിയായ അഭിജിത്ത് കൃഷ്ണ സമർപ്പിച്ച ഹർജിയിന്മേൽ ബഹു.കമ്മീഷൻ പുറപ്പെടുവിച്ച 14.10.2020 തീയതിയിലെ സി.ആർ.എം.പി.നമ്പർ 5200/04/C2/2019/KeSCPCR നമ്പർ ഉത്തരവ്

**********************

ബഹു.കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുമ്പാകെ പ്ലസ് 1 വിദ്യാർത്ഥിയായ അഭിജിത്ത് കൃഷ്ണ സമർപ്പിച്ച ഹർജിയിന്മേൽ ബഹു.കമ്മീഷൻ സൂചന പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, കുട്ടികൾ അവരുടെ പഠനാവശ്യങ്ങൾക്കോ മറ്റോ ഏതെങ്കിലും സർട്ടിഫിക്കറ്റിനോ സാക്ഷ്യപത്രത്തിനോ അപേക്ഷ സമർപ്പിച്ചാൽ ആയത് നിയമാനുസൃതം നൽകുന്നതിൽ യാതൊരു കാലതാമസവുമുണ്ടാകാൻ പാടില്ലാത്തതും, അപ്രകാരം കാലതാമസം വരുത്തുന്നതു മൂലം കുട്ടികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിത്തീരുന്നതും ഗുരുതര അവകാശലംഘനമായി കണക്കാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യാഗസ്ഥർ തികഞ്ഞ ജാഗ്രത പാലിക്കണമെന്ന് കാണിച്ച് സർക്കുലർ പുറപ്പെടുവിക്കേണ്ടതാണെന്നും ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കുട്ടികൾ അവരുടെ പഠനാവശ്യങ്ങൾക്കോ മറ്റോ ഏതെങ്കിലും സർട്ടിഫിക്കറ്റിനായി സമർപ്പിക്കുന്ന അപേക്ഷ നിശ്ചിതരേഖകൾ സഹിതം പൂർണ്ണമായും കുറ്റമറ്റ രീതിയിൽ സമർപ്പിച്ചിട്ടുള്ളതാണെങ്കിൽ, മേലന്വേഷണത്തിനായി സേവനാവകാശ നിയമപ്രകാരമുള്ള കാലയളവിൽ കൂടുതൽ എടുക്കാൻ പാടില്ല. അത്തരത്തിൽ കാലയളവ് നിശ്ചയിച്ചിട്ടില്ലാത്ത അപേക്ഷകളിലും മറ്റ് അപേക്ഷകളിലും രേഖകളുടെയോ വിവരങ്ങളുടെയോ അപര്യാപ്തതയുള്ള പക്ഷം ടി വിവരം പരമാവധി 7 പ്രവൃത്തി ദിവസത്തിനകം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്. ഈ കാര്യങ്ങളിൽ അകാരണമായി കാലതാമസം വരുത്തുന്നത് മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിത്തീരുന്നത് ഗുരുതരമായ അവകാശ ലംഘനമായി കണക്കാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യാഗസ്ഥർ തികഞ്ഞ ജാഗ്രത പാലിക്കേണ്ടതുമാണ്.

ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും (എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരെയും തഹസീൽദാർമാരെയും വില്ലേജ്

ഓഫീസർമാരെയും അറിയിക്കുന്നതിലേയ്ക്ക്)

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുന്നതിന്)

വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി